കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല- ഗ്രാമിക സഹകരണ സംഘത്തിന് സൗജന്യമായി സ്ഥലവും കെട്ടിടവും വിട്ടുനൽകുന്നതിന് മൊകേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1517/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 1-6-2012

---

പരാമർശം :-

1. മൊകേരി ഗ്രാമപഞ്ചായത്തിന്റെ 27-2-12 -ലെ 27/2012 നമ്പർ തീരുമാനം.
2. മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-3-2012-ലെ എ1-901/12 നമ്പർ കത്ത്
3. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20-3-12-ലെ ബി1/2012/2012 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ കൂരാറ എന്ന സ്ഥലത്തെ ഗ്രാമിക വനിതാ സഹകരണ സംഘത്തിന് 1999-2000, 2000-2001 എന്നീ സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി മൊകേരി വില്ലേജ് റീ സർവേ 48/1-ൽപ്പെട്ട 5 സെന്റ് സ്ഥലം മൊകേരി ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുകയുണ്ടായി. പ്രസ്തുത സ്ഥലവും കെട്ടിടവും ഗ്രാമിക വനിതാ സഹകരണ സംഘത്തിന് സൗജന്യമായി കൈമാറുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമിക വനിതാ സഹകരണ സംഘത്തിനുവേണ്ടി മൊകേരി ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ മൊകേരി വില്ലേജ് റീ സർവേ 48/1-ൽപ്പെട്ട 5 സെന്റ് സ്ഥലവും അതിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും സൗജന്യമായി ടി സഹകരണ സംഘത്തിന് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, മൊകേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ-670692
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.